LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധിക ഉത്തരവാദിത്വങ്ങൾ

11 [11] ശ്രീ. ഇ. എം. അഗസ്തി:
,, ഡി. സുഗതൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എഴുകോൺ നാരായണൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മാർച്ച് 31-ന് പ്ലാനിംഗ് വകുപ്പിൽ നിന്നിറക്കിയ ജി.ഒ. (എം.എസ്.) 40/2004-1 എന്ന ഉത്തരവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം അധിക ഉത്തരവാദിത്വങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) ഈ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനുള്ള അധിക വിഭവ സമാഹരണം നടത്തുന്നതിന് അവയ്ക്ക് എന്തെല്ലാം പുതിയ അധികാരങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) ഈ അധികാരമുപയോഗിച്ച് സമാഹരിക്കുവാൻ കഴിയുന്ന വിഭവ ങ്ങൾകൊണ്ട് ഇപ്പോൾ അവയെ ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുവാൻ കഴിയുമോ?

ഉത്തരം

(എ) 2004 മാർച്ച് 31-ന് പ്ലാനിംഗ് വകുപ്പിൽ നിന്നിറക്കിയ ജി.ഒ. (എം.എസ്.) 40/2004-1 എന്ന ഉത്തരവ് പത്താം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന മൂന്ന് വർഷങ്ങളിലേയ്ക്കുള്ള പരിഷ്ക്കരിച്ച ആസൂത്രണ മാർഗ്ഗരേഖയാണ്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക ഉത്തരവാദിത്വങ്ങളൊന്നും (Functions) നൽകിയിട്ടില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

വാർഷിക പദ്ധതികൾ

12 [12] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2004 വരെയുള്ള വാർഷിക പദ്ധതികളുടെ അടങ്കൽ തുക എത്രവീതമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാർഷിക പദ്ധതികളുടെ തുകയിൽ എത്ര ശതമാനം വീതം ചെലവഴിച്ചു;

(സി) ഇതിൽ ഓരോ വർഷവും വികസനത്തിനുവേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ഡി) വാർഷിക പദ്ധതികളുടെ അടങ്കൽ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) 2001-2004 വരെയുള്ള വാർഷിക പദ്ധതികളുടെ അടങ്കൽ തുകയും, ഓരോ വർഷവും ചെലവഴിച്ച തുകയും ഇത് അടങ്കൽ തുകയുടെ എത്ര ശതമാനമായിരുന്നു എന്നതും താഴെക്കൊടുത്തിട്ടുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

(തുക കോടിയിൽ)

വർഷം	അടങ്കൽ തുക		ചെലവഴിച്ച തുക	ശതമാനം
	ബഡ്ജറ്റ് വിഹിതം	പുതുക്കിയ എസ്റ്റിമേറ്റ്		
2001-02	3015	2260	2531	112
2002-03	4026	3425	3943.99	115
2003-04	4430.25	3796.23	3557.42	94

2001-02, 2002-03 വർഷങ്ങളിലേത് അക്കൗണ്ട്സും 2003-04 ലേത് താൽക്കാലിക കണക്കുമാണ്.

മേൽ കാണിച്ച തുകകൾ പൂർണ്ണമായും വികസനത്തിനുവേണ്ടിയാണ് വിനിയോഗിച്ചത്.

(ഡി ആന്റ് ഇ) സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്ത് 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കലുകളിൽ കുറവു വരുത്തുകയുണ്ടായി. 2001-02, 2002-03-ലെ പുതുക്കിയ അടങ്കൽ പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2003-04-ലെ താൽക്കാലിക കണക്കുപ്രകാരം 94 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പി.എസ്.സി. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

13 [13] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലയിലെ ഒഴിവുകൾ നികത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഏതെല്ലാം ലിസ്റ്റുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly